"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആമയിഴഞ്ചാൻ കനാൽ മാലിന്യമുക്തമാക്കുന്നതിനുള്ള ദൗത്യത്തിൽ തിരുവനന്തപുരം കോർപ്പറേഷനു സാങ്കേതിക സഹായം നൽകുന്നതിനായി ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ചും ചുമതലകൾ നിർവചിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ തദ്ദേശ സ്വയം ഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1347/2024/LSGD തീയതി,തിരുവനന്തപുരം, 25-07-2024

---

പരാമർശം : ...........

**<u>ഉത്തരവ്</u>**

ആമയിഴഞ്ചാൻ കനാൽ മാലിന്യമുക്തമാക്കുന്നതിനുള്ള ദൗത്യത്തിൽ തിരുവനന്തപുരം കോർപ്പറേഷനു സാങ്കേതിക സഹായം നൽകുന്നതിനായി ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ചും ചുമതലകൾ നിർവചിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു

<u>a) അംഗങ്ങൾ</u>

1. ശ്രീമതി. ഇന്ദു ഐസക്, എസ്.ഡബ്ല്യു.എം കൺസൾട്ടന്റ്, എസ്.പി.എം.യു, കെ.എസ്.ഡബ്ല്യു.എം.പി.
2. ശ്രീ. ഭരത് ബാബു എം, ടെക്നിക്കൽ കൺസൾട്ടന്റ്, ജില്ലാ ശുചിത്വ മിഷൻ തിരുവനന്തപുരം.
3. ശ്രീമതി. ആതിര വിജയൻ, എൻവയോൺമെന്റൽ എഞ്ചിനീയർ- ഡി.പി.എം.യു- തിരുവനന്തപുരം - കെ.എസ്.ഡബ്ല്യു.എം.പി
4. ശ്രീ. ഗിരീഷ് കുമാർ എം, ഇൻഫ്രാസ്ട്രക്ചർ സ്പെഷ്യലിസ്റ്റ്- സി.എം.എം.യു- അമൃത്, തിരുവനന്തപുരം
5. ശ്രീമതി. കാർത്തിക എം ജെ, എസ്.ഡബ്ല്യു.എം എഞ്ചിനീയർ, പി.ഐ.യു- തിരുവനന്തപുരം- കെ.എസ്.ഡബ്ല്യു.എം.പി
6. ശ്രീമതി. സുമ എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി- തിരുവനന്തപുരം കോർപ്പറേഷൻ

<u>b) ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു.</u>

1. ആമയിഴഞ്ചാൻ കനാൽ മാലിന്യമുക്തമാക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളുടെയും പ്രവർത്തനങ്ങളുടെയും പോരായ്മകൾ കണ്ടെത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും, ആ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള പ്രോജെക്ട് നിർദേശങ്ങൾ നൽകുകയും ചെയ്യുക.
2. കനാൽ മാലിന്യമുക്തമാക്കുന്നതിനു അനുയോജ്യമായ സാങ്കേതിക വിദ്യകൾ

തിരഞ്ഞെടുക്കുന്നതിനും നടപ്പിലാക്കുന്നതിനും കോർപ്പറേഷനു ടെക്നിക്കൽ സപ്പോർട്ട് നൽകുക.

3. രാജാജി നഗറിനും സമീപപ്രദേശങ്ങൾക്കും സമഗ്രമായ ഖരമാലിന്യ / ദ്രവമാലിന്യ സംസ്കരണ പരിഹാര നിർദേശങ്ങൾ തയാറാക്കുക.
4. കനാലിന്റെ സംരക്ഷണത്തിനായി ഉത്തരവാദിത്തമുള്ള വിവിധ ഏജൻസികളുമായുള്ള ഏകോപനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ കോർപ്പറേഷനു നൽകുക.
5. ആമയിഴഞ്ചാൻ കനാൽ മാലിന്യമുക്തമാക്കി നിലനിർത്തുന്നതിന് തുടർച്ചയായ (ക്യാമറാ/ മാന്വൽ) നിരീക്ഷണം ആവശ്യമാണ്. ഇതിനായി വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുക.
6. കനാൽ മാലിന്യമുക്തമാക്കി സൂക്ഷിക്കുന്നതിന്റെ പ്രാധാന്യം സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിനുള്ള IEC പ്രവർത്തനങ്ങളിലേക്ക് സങ്കേതിക ഘടകങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുക.

മേൽപ്പറഞ്ഞ ചുമതലകൾ നിർവഹിക്കുന്നത് ശുചിത്വ മിഷന്റെ ഖരമാലിന്യ (SWM) വിഭാഗം ഡയറക്ടറുടെയും ദ്രവമാലിന്യ (LWM) വിഭാഗം ഡയറക്ടറുടെയും മേൽനോട്ടത്തിനും മാർഗനിർദ്ദേശങ്ങൾക്കും വിധേയമായിട്ടായിരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

സെക്രട്ടറി , തിരുവനന്തപുരം കോർപറേഷൻ
വ്യക്തികൾക്ക്
എക്സിക്യൂട്ടീവ് ഡയറക്ടർ , ശുചിത്വ മിഷൻ
പ്രൊജക്റ്റ് ഡയറക്ടർ , കെ എസ് ഡബ്ലിയു എം പി
മിഷൻ ഡയറക്ടർ ,അമൃത്
അക്കൗണ്ടന്റ് ജനറൽ (എ & ഇ ) , കേരള
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Pradeesh Kumar M K
Date: 25-07-2024 17:19:28
സെക്ഷൻ ഓഫീസർ